(സി) എങ്കിൽ മെഡിസിൻ വിഭാഗത്തിൽ എല്ലാ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകൾക്കും പിന്നോക്ക വിഭാഗത്തിന് സംവരണം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) മെഡിക്കൽ രംഗത്ത് എസ്.സി.എസ്.ടി. വിഭാഗങ്ങൾക്കും ബിരുദാനന്തര പഠനത്തിന് സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനല്ലാതെ മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് ആയുർവേദത്തിന് സീറ്റ് സംവരണം ചെയ്തിട്ടില്ല.

(സി) മെഡിസിൻ വിഭാഗത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 10 ശതമാനവും എസ്.ഇ.ബി.സി. വിഭാഗത്തിന് 9 ശതമാനവും സംവരണം ഇപ്പോൾത്തന്നെ നിലവിലുണ്ട്.

വികലാംഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

9 (6159) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ വികലാംഗ വിദ്യാർത്ഥികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത് ; ഹോസ്റ്റൽ, മെസ് ഫീസിനങ്ങളിൽ നിന്നും അവരെ ഒഴിവാക്കിക്കൊണ്ടുള്ള ജി. ഒ (എം. എസ്) നമ്പർ 245/84/എച്ച്.ഡി. തീയതി 29-8-1984 നിലവിലുണ്ടോ ;

(ബി) എങ്കിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 2005-മെഡിക്കൽ ബാച്ചിൽ പഠിച്ച 60% വികലാംഗനായ ശ്രീ. അബ്ദുൾ റഷീദ് വി.പി.ക്ക് ഈ ആനുകൂല്യം നൽകാതിരിക്കാനുള്ള കാരണം വിശദമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് പ്രസ്തുത വിദ്യാർത്ഥി 16-5-2007-ൽ മന്ത്രിക്ക് നൽകിയ നിവേദനം (നമ്പർ 6909/എം/എച്ച്&എസ്. ഡബ്ല്യൂ./07 സംബന്ധിച്ച് സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കാമോ ;

(ഡി) വ്യക്തമായ ഉത്തരവുണ്ടായിട്ടും ഈ വിദ്യാർത്ഥിയിൽ നിന്നും നിർബന്ധപൂർവ്വം ഫീസ് ഈടാക്കിയ വിവരം സർക്കാരിനറിവുണ്ടോ ; എങ്കിൽ ഈടാക്കിയ തുക പരാതി നൽകി 3 വർഷം കഴിഞ്ഞിട്ടും റീഫണ്ട് ചെയ്യാതിരിക്കാൻ കാരണമെന്താണ് ; ആ തുക ഉടനടി നൽകാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ വികലാംഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ ഉൾക്കൊള്ളുന്ന ജി.ഒ.(എം.എസ്) നം.245/84/എച്ച്.ഡി. തീയതി 29-8-1984 സർക്കാർ ഉത്തരവ് നിലവിലുണ്ട്. ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട വിഷയമായതിനാൽ പ്രസ്തുത വകുപ്പിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി)-(ഡി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly